കോതമംഗലം, നേര്യമംഗലം, പനങ്കുട്ടി, പനങ്കുട്ടിറോഡ് എന്നീ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് കൊച്ചി–ധനുഷ്കോടി മധുര ലൈൻ പോകുന്നത്. ഇതിന് ഏതാണ്ട് 95 കോടി രൂപ ചെലവ് വരും. ഞാൻ ഇവിടെ കൊച്ചി–മധുര ലൈനിനെ പ്പറ്റിയാണ്, ഇപ്പോഴത്തെ കൂടുതൽ വിവരണം നൽകുന്നത്; കാരണം അതാണ് യാഥാർത്ഥ്യമായിട്ടുള്ള ഒരു കാര്യം. കൊച്ചി–മധുരയുടെ പ്രിലിമിനറി റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. ബോർഡിന്റെ അംഗീകാരത്തിനുവേണ്ടി അയച്ചിരിക്കുകയാണ്. അങ്ങനെ വരുമ്പോഴേക്കും നമുക്ക് കൂടുതൽ കാര്യങ്ങൾ വ്യക്തമാകും. റെയിൽവേ ബോർഡ് അത് അംഗീകരിച്ചുകഴിഞ്ഞാൽ ഡീറ്റെയിൽഡ് ആയിട്ടുള്ള ഒരു സർവ്വേ വേണ്ടി വരും. അതുകൊണ്ട് കോട്ടയം–മധുര ലൈൻ ഉപേക്ഷിച്ചു എന്ന് അർത്ഥമില്ല. കോട്ടയം–മധുര ലൈനിനുവേണ്ടി ഇനിയും കൂടുതൽ നല്ലതായ സമ്മർദ്ദം ചെലുത്തണം. കാരണം എത്ര റെയിൽവേ ലൈൻ കിട്ടിയാലും നമുക്ക് മതിവരില്ല, റെയിൽവേയുടെ കാര്യത്തിൽ ഇന്നും നമുക്കു അർഹമായ പരിഗണന ഇതേവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് കോട്ടയം—മധുര ലൈൻകൂടി നേടിയെടുക്കേണ്ടത് ഏറ്റവും വലിയ ഒരാവശ്യമാണ്.

ശ്രീ. ഇ.ജെ. ലൂക്കോസ്: ഏതായാലും ഏറ്റവും അടുത്ത അവസരത്തിൽ അങ്ങ് ഡൽഹി സന്ദർശിക്കുമ്പോൾ കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയോട് ഇത് സംബന്ധിച്ച് ഒരു നിർദ്ദേശം കൂടി നൽകണമെന്ന് ഞാൻ സൂചിപ്പിക്കുന്നു.

ശ്രീ. കെ.എം. മാണി: ഏതേറായോ ഗവൺമെന്റിനേറായോ നിവേദനത്തിന്റെ അപര്യാപ്തതയല്ല, പോകുമ്പോഴൊക്കെ ഇത് പറയാറുണ്ട്, ഇനിയും പറയാം.

(3) തിരുവനന്തപുരത്ത് ആവശ്യമായ നഗരപരിഷ്കരണം

(ശ്രീ. ജി. കാർത്തികേയൻ 23–9–1985–ൽ ശ്രദ്ധക്ഷണിച്ചതിനു മറുപടി)

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം): വർഷങ്ങളായി അവഗണിക്കപ്പെടുകയും ആവശ്യത്തിന് പാലങ്ങളോ റോഡിന് വീതിയോ, പാർക്കിങ്ങ് സൗകര്യങ്ങളോ ഇല്ലാതെയും ഒന്നും തന്നെ ശ്രദ്ധിക്കപ്പെടാതെയും വളരെ മോശമായ സ്ഥിതിവിശേഷത്തിൽ വർഷങ്ങളായി ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്ന നമ്മുടെ തലസ്ഥാനനഗരിയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ആണ് അല്പമെങ്കിലും പുരോഗതിയുണ്ടായത്. തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം എന്തുമാത്രം പുരോഗമനം ഉണ്ടാക്കി എന്നും പുതിയ പദ്ധതികൾ ആവിഷ്കരിച്ചു എന്നും മനസ്സിലാക്കണം. ഈ പറഞ്ഞ പരാതികളും ആക്ഷേപങ്ങളും നേരത്തേതന്നെ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട അംഗം അത്രയധികം ശ്രദ്ധിച്ചിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും വളരുന്ന തലസ്ഥാന നഗരിയിൽ പ്രധാന വീഥികളും നിരത്തുകളും എല്ലാ ആധുനിക സജ്ജീകരണങ്ങളോടും സംവിധാനങ്ങളോടുംകൂടി പണി നടക്കുകയാണ്. ഫുട്പാത്തുകൾ, അതുപോലെ റോഡിന്റെ വീതി കൂട്ടുന്ന പരിപാടി, തുടങ്ങിയ വളരെ ചെലവു കൂടിയതുമായപണികൾക്ക് വളരെ കാലതാമസം എടുക്കുന്ന ഒരു പ്രക്രിയയാണ്

LIBRARY ARCHIVES Kerala Legislative Assembly

റോഡ് വൈഡനിംഗും ഫുട്പാത്ത്, പാർക്കിങ്ങ് പ്ലേയ്സ്, അതുപോലെതന്നെ എം.എൽ.എ. മാരുടെ റോഡിന്റെ കാര്യം തുടങ്ങി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളും വളരെ ആവശ്യമാണ്. എങ്കിലും, ഇപ്പോൾ പുതിയ സ്ഥിതിവിശേഷത്തിൽ റോഡിന്റെ രണ്ട് ഭാഗത്തുമുള്ള കെട്ടിടങ്ങളെല്ലാം പൊളിച്ച് അക്വിസിഷൻ നടത്തി വളരെ വേഗം റോഡിന്റെ വീതി കൂട്ടി ഫുട്പാത്തുകളെല്ലാം ഉണ്ടാക്കണമെങ്കിൽ ഈ കാര്യത്തിൽ എന്തുമാത്രം ഭീമമായ സാമ്പത്തിക ചെലവുകൾ വരുമെന്നുള്ളത് ആലോചിക്കണം. അതു മാത്രമല്ല അക്വിസിഷനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ജനാധിപത്യ സമ്പ്രദായത്തിൽ എതിർപ്പുകളും സ്വാധീനങ്ങളും ഉണ്ടാകുന്നതുകൊണ്ട് അക്വിസിഷൻ നടപടികൾ വേഗത്തിൽ നടത്താൻ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞു, 15 കൊല്ലം മുമ്പാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയത് എന്ന്. 15 കൊല്ലമായി തൊടാത്ത മാസ്റ്റർപ്ലാൻ——മാറാലകൾ കെട്ടിക്കിടന്നത് അലമാരയിൽ നിന്നും പുറത്തെടുത്ത് ഏതാണ്ട് പ്രവർത്തനരീതിയിൽ എത്തിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ പാത വീതി കൂട്ടുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം വളരെയധികം ശ്രദ്ധ ചെലുത്തുന്നുണ്ട്; എങ്കിലും പുതിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾ വരുമ്പോൾ റോഡുകൾ വീതി കൂട്ടുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം അതിന് പ്രത്യേകമായിട്ടുള്ള വ്യവസ്ഥകളുണ്ട്. ആ മാസ്റ്റർ പ്ലാനിൽ ടൗൺ പ്ലാനിംഗിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ സഭയിൽ വളരെ ചുരുങ്ങിയ സ്ഥലം ഉള്ള രണ്ടുംമൂന്നും സെന്റ് സ്ഥലമുള്ളവരുടെ കാര്യത്തെപ്പറ്റിയും കൂടുതൽ സ്ഥലമുള്ളവരെപ്പറ്റിയും വളരെയധികം വിശദീകരണം തന്നിരിക്കുകയാണ്. അതനുസരിച്ച് പുതിയ കെട്ടിടങ്ങൾ വരുമ്പോൾ പാതകളുടെ വീതികൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ ഏറ്റവും തിരക്കുള്ള എം.ജി. റോഡിലെ തിരക്ക് കുറയ്ക്കാൻ വേണ്ടി നന്ദാവനം മുതൽ തമ്പാന്നൂർവരെ ഒരു പാരലൽ റോഡിന് ഫോർമേഷൻ നടന്നുകൊണ്ടിരിക്കുന്നു. മറ്റൊന്ന് മണക്കാട് മുതൽ തെക്കോട്ടുള്ള റോഡ് വൈഡനിംഗ് കഴിഞ്ഞിരിക്കുന്നു. കഴക്കൂട്ടം മുതൽ കോവളംവരെ നാഷണൽ ഹൈവേ ബൈപാസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇത്രയും ജോലികൾ കഴിയുമ്പോൾ യാത്രക്കാർക്ക് വേണ്ടത്ര സൗകര്യങ്ങളുണ്ടാക്കാൻ സാദ്ധ്യതയുണ്ട്. അതുപോലെ കോർപ്പറേഷൻ റോഡുകളെ സംബന്ധിച്ചിടത്തോളം 80— ഓളം കി.മീ. ഉള്ള സ്ഥലത്തെ കേടുപാടുകൾ വളരെയധികം തീർക്കുകയും 57 ലക്ഷം രൂപയുടെ ചെലവ് നടത്തിക്കൊണ്ട് ആ റോഡുകൾ നന്നാക്കിക്കൊണ്ടിരിക്കുകയുമാണ്. സിറ്റിയിലെ തിക്കും തിരക്കും കുറയ്ക്കാൻ മാസ്റ്റർപ്ലാൻ അനുസരിച്ചുതന്നെ പ്രാന്തപ്രദേശങ്ങളിൽ സബ് സെൻറുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതായത് മെഡിക്കൽ കോളേജ് ഏരിയാ, പേരൂർക്കട, പാപ്പനംകോട്, കേശവദാസപുരം തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാംതന്നെ സബ്സെൻറുകൾ രൂപീകരിച്ച് ഡെവലപ്പ്മെൻറ് അതോറിറ്റികൾ പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ട് അവിടെ റോഡുകളെല്ലാം വീതി കൂട്ടി പാർക്കിംഗ് പ്ലെയ്സ് നിർമ്മിച്ചുകൊണ്ട് ഇന്നത്തെ രീതിയിലുള്ള—ആധുനീകരീതിയിലുള്ള—പ്രവർത്തനങ്ങൾ സജ്ജീകരിക്കുന്നതിനു വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു. അതിന് അഞ്ച് കോടി രൂപ ഉണ്ടാക്കിവച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങുന്നു.

സർ, പാളയം സ്കീമിനെ സംബന്ധിച്ചിടത്തോളം വളരെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വേൾഡ് റിനൗൺഡ് ആർക്കിടെക്ട് ചാൾസ് കൊറിയാവിന്റെ നേരിട്ടുള്ള സ്കെച്ചും പ്ലാനുമാണ്. അവിടെ താമസിക്കുന്ന ആളുകളുടേയും കച്ചവടക്കാരുടേയും സഹകരണത്തോടുകൂടി പാളയം സ്കീം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ പാളയം മാർക്കറ്റിനെ സംബന്ധിച്ചിടത്തോളം അതിനുവേണ്ടി പ്രത്യേകം സ്ഥലം മാറ്റിവച്ചിട്ടുണ്ട്. ചപ്പും ചവറും മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇനി വളരെ പ്രധാനപ്പെട്ട കാര്യം ചപ്പുചവറിന്റെ കാര്യമാണ്. മണക്കാട്, വള്ളക്കടവ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ചപ്പുചവറ് അതായത് എയർപോർട്ടിനോട് അടുത്തുകിടക്കുന്ന ചപ്പുചവറ് ഡിപ്പോ അവിടെ നിന്നും മാറ്റണമെന്ന് കേന്ദ്രഗവൺമെന്റിൽ നിന്നു സമ്മർദ്ദം ചെലുത്തിയ സ്ഥിതിക്ക് അത് മാറ്റണം. വിമാനത്തിൽ പക്ഷികൾ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്നതുകൊണ്ട് അത് മറ്റൊരു സ്ഥലത്തേക്ക് മാറ്റാൻ വേണ്ടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയുണ്ടാക്കി. അത് മറ്റൊരു സ്ഥലത്തേക്ക് മാറ്റിയിട്ടുണ്ട്. അവിടേയും ശക്തമായ എതിർപ്പുകൾ ഉണ്ട്. ആ എതിർപ്പുകൾ കൊണ്ട് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കടകംപള്ളി വില്ലേജിൽ 3 ഏക്കർ സ്ഥലമാണ് ചപ്പുചവറ് ഇടാൻ മാറ്റിവച്ചിരിക്കുന്നത്. ആ സ്ഥലം അക്വയർ ചെയ്തു. ആ സ്ഥലത്തുതന്നെ ഡിപ്പോ സ്ഥിരമായിട്ട് തുടങ്ങാം. ചവറ് ഡിപ്പോ മാറ്റിക്കഴിഞ്ഞാൽ മെക്കാനിക്കൽ കംപോസ്റ്റ് പ്ലാന്റ് അവിടെ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. അതോടുകൂടി ഇതിന്റെ ബുദ്ധിമുട്ട് തീരുമെന്നുള്ളത് വളരെ വ്യക്തമാണ്.

ശ്രീ. ജി. കാർത്തികേയൻ: സർ, 15 വർഷത്തിന് മുൻപ് ഉണ്ടാക്കിയ മാസ്റ്റർപ്ലാൻ നടപ്പിൽ വരുത്തുന്നതിന് അകപ്പിസിഷന്റെ ബുദ്ധിമുട്ടുണ്ടെന്നാണ് പറഞ്ഞത്. കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും തിരുവനന്തപുരത്തെ പൊതുപ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും ഒരുമിച്ചുചേർന്ന് ഇക്കാര്യത്തിൽ ഗവൺമെന്റിനെ സഹായിക്കാമെന്നുള്ള നിലപാട് എടുത്താൽ ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. സി.എം. സുന്ദരം: അതിന് യാതൊരു സംശയവുമില്ല.

III. സബ്മിഷൻ

(1) തേവള്ളിപ്പാലത്തിന്റെ ദുഃസ്ഥിതി

ശ്രീ. തോപ്പിൽ രവി: സർ, തേവള്ളിപ്പാലത്തിന്റെ ദുഃസ്ഥിതിയെ സംബന്ധിച്ച് ഇതിന് മുൻപും ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. എന്റെ നിയോജകമണ്ഡലമായ കുണ്ടറയിലെ അഞ്ച് പഞ്ചായത്തുകളെ കൊല്ലം നഗരവുമായി ബന്ധിപ്പിക്കുന്ന പ്രവേശനമാർഗ്ഗമാണ് തേവള്ളി പാലം. ഓരോ തവണയും ഇതിനെപ്പറ്റി പറയുമ്പോഴും ഇനി ഇതിനെപ്പറ്റി പറയാൻ ഇടവരരുതെ, എന്ന് പ്രാർത്ഥിച്ചുകൊണ്ടാണ് പറയുന്നത്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികളൊക്കെ പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly